E-fie No.DHS/1820/2022-ES5

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി.20 /09/2022

# സർക്കുലർ

വിഷയം : - ആ.വ.ഡ – 2022 വർഷത്തിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് – ഡി പി സി യോഗം ചേരുന്നത് - സംബന്ധിച്ച്

സൂചന : - ഇഎസ്5-41421/2022/ആവഡ തീയതി 19/08/2022 പ്രകാരമുള്ള സീനിയോരിറ്റി പട്ടിക.

******************

2022 വർഷത്തിൽ ആരോഗ്യ വകുപ്പിൽ ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതിനായി മേൽ സൂചന പ്രകാരം പ്രസിദ്ധീകരിച്ച ജില്ലാ ലാബ് ഓഫീസർമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജില്ലാ ലാബ് ഓഫീസർമാർ 2019,2020,2021 കലണ്ടർ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് 07 ദിവസത്തിനകം ഈ ഓഫിസിൽ തപാൽ മാർഗ്ഗമോ നേരിട്ടോ ലഭ്യമാക്കേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന് മുകൾ ഭാഗത്തായി അവരവരുടെ മൊബൈൽ ഫോൺ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടിനോടൊപ്പം സെൽഫ് അസസ്സ്മെന്റ് വ്യക്തമായും കാര്യമാത്രപ്രസക്തമായും കഴിവതും ടൈപ്പ് ചെയ്തും സമർപ്പിക്കേണ്ടതാണ്. ഒരു കലണ്ടർ വർഷത്തിൽ ഒരു ഉദ്യോഗസ്ഥൻ ഒന്നിലധികം സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ പ്രത്യേകം പ്രത്യേകം റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണ്. ജീവനക്കാർ ലാബ് ടെക്നീഷ്യൻ ഗ്രേഡ്2, ജില്ലാ ലാബ് ഓഫീസർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ മേൽ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് , മറ്റു അനുബന്ധരേഖകളും വാങ്ങി പരിശോധിച്ച് ആയത് ഈ ഓഫീസിൽ കൃത്യമായ സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ നിർദ്ദേശം നൽകികൊള്ളുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഇ. എഫ്. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ